സബ്സ്റ്റേഷൻ നിർമ്മാണം

91 (243) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ, പേരാർ, ബേളൂർ എന്നീ സ്ഥലങ്ങളിലെ 33 കെ. വി. സബ്സ്റ്റേഷനുകളുടെ നിർമ്മാണം സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

തൃക്കരിപ്പൂർ, ബേളൂർ എന്നീ സ്ഥലങ്ങളിലെ 33 കെ. വി. സബ്സ്റ്റേഷനുകൾ നിർമ്മാണത്തിനുള്ള സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലം ബോർഡിന് കൈമാറാനുള്ള ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞു. സ്ഥലം ലഭിച്ചുകഴിഞ്ഞാലുടൻ പണി ആരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. പെർള 33 കെ. വി. സബ്സ്റ്റേഷൻ നിർമ്മാണത്തിനാവശ്യമായ സ്ഥലം നെഗോഷ്യേറ്റഡ് പർച്ചേസിൽ തരുവാൻ സ്ഥലം ഉടമ സമ്മതിച്ചിട്ടുണ്ട്. കാസർകോഡ് കളക്ടർ വില തീരുമാനിച്ചതിനുശേഷം ബാക്കി നടപടികൾ സ്വീകരിക്കുന്നതാണ്. സ്ഥലം ലഭിച്ചാലുടൻ പണിയാരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

തലശ്ശേരി ക്യാൻസർ ആശുപത്രി

92 (244) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരിയിൽ വിദ്യുച്ഛക്തി ബോർഡിന്റെ ഉടമസ്ഥതയിലോ മേൽനോട്ടത്തിലോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ക്യാൻസർ ആശുപത്രിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ആശുപത്രിയുടെ ഭരണ സമിതി അംഗങ്ങൾ ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(സി) ആശുപത്രിയുടെ മൊത്തം മുതൽ മുടക്ക് എത്രയാണെന്നും ഇത് ഏതെല്ലാം സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് സ്വരൂപിക്കുവാൻ ഉദ്ദേശിക്കുന്നതെന്നുമുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) കാനഡയിലെ ഏതെങ്കിലും സ്ഥാപനങ്ങളോ കമ്പനികളോ തലശ്ശേരി ക്യാൻസർ ആശുപത്രിക്കുവേണ്ടി സംഭാവനയായോ ഓഹരി മൂലധനമായോ വായ്പയായോ പണം നൽകിയിട്ടുണ്ടോ ; എങ്കിൽ ആരാണ് നൽകിയതെന്നും എത്ര തുക നൽകിയെന്നും വെളിപ്പെടുത്തുമോ ;

(ഇ) ഇപ്രകാരം പണം നൽകിയത് ഇലക്ട്രിസിറ്റി ബോർഡിന്റെ അഭ്യർത്ഥന പ്രകാരമാണോ ; ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തലശ്ശേരിയിൽ വൈദ്യുതി ബോർഡിന്റെ ഉടമസ്ഥതയിലോ മേൽ നോട്ടത്തിലോ ക്യാൻസർ ആശുപത്രി സ്ഥാപിക്കുന്നില്ല. എന്നാൽ സംസ്ഥാന സർക്കാർ ഊർജ്ജവകുപ്പിന്റെ കീഴിൽ തലശ്ശേരിയിൽ ഒരു ക്യാൻസർ ആശുപത്രി സ്ഥാപിക്കുന്നുണ്ട്. ആശുപത്രി കെട്ടിടങ്ങളിൽ പ്രധാനകെട്ടിടത്തിന്റെ പണികൾ പുരോഗതിയിലാണ്.

(ബി) മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള 27 അംഗ ഭരണസമിതിയാണ് ഉള്ളത്. (വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.)†

(സി) ആശുപത്രിയുടെ ആകെ മുതൽമുടക്ക് 103.00 കോടി രൂപ ആകും എന്നാണ് കണക്കാക്കിയിരിക്കുന്നത്. സംസ്ഥാന സർക്കാർ വിഹിതം കൂടാതെ കാനഡയിലുള്ള സർക്കാർ പ്രവശ്യാ സർക്കാർ, സ്വകാര്യ ഏജൻസികൾ എന്നിവരിൽ നിന്നും ഈ തുക സ്വരൂപിച്ച് ലഭ്യമാക്കുമെന്നാണ് കമ്പനി അറിയിച്ചിട്ടുള്ളത്.

(ഡി) കാനഡയിൽ നിന്നും സ്വരൂപിക്കുന്ന തുക സംഭാവന മാത്രമായിരിക്കും. ഇത് സ്വരൂപിക്കുന്ന ചുമതല കാനഡയിലെ എസ്.എൻ.സി. ലാവലിൻ എന്ന കമ്പനിക്കാണ്. സാമ്പത്തിക സഹായം എസ്.എൻ.സി. ലാവലിൻ സ്വരൂപിച്ചാണ് ചെലവഴിക്കുന്നത്. സിഡ (കനേഡിയൻ ഇന്റർ നാഷണൽ ഡവലപ്മെന്റ് ഏജൻസി) യിൽ നിന്നുമാണ് പ്രാരംഭ സഹായം ലഭ്യമാകുന്നത്. സാമ്പത്തിക സഹായം എത്ര ആയിരിക്കും എന്നതിനെക്കുറിച്ചുള്ള ചർച്ചകൾ നടന്നു വരികയാണ്.

(ഇ) സംസ്ഥാന ഗവൺമെന്റും എസ്.എൻ.സി. ലാവലിനുമായി ഒപ്പുവച്ച എം.ഒ.യു.വിലെ വ്യവസ്ഥകൾക്കനുസൃതമായാണ്.

വൈദ്യുതി സെക്ഷൻ ആഫീസ്

93 (245) ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പേരാമ്പ്ര നിയോജക മണ്ഡലത്തിലെ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കണമെന്ന് പഞ്ചായത്ത് പ്രസിഡന്റിന്റെ നിവേദനത്തിൻമേൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചു ; വിശദ വിവരം വ്യക്തമാക്കുമോ ?

ഉത്തരം

കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് അനുവദിക്കണമെന്ന പഞ്ചായത്ത് പ്രസിഡന്റിന്റെ നിവേദനം പരിശോധിച്ചു വരുന്നു. പുതുതായി സെക്ഷൻ ആഫീസുകൾ രൂപീകരിക്കുന്ന സമയത്ത് ഇക്കാര്യം പരിഗണിക്കുന്നതാണ്.

† അനുബന്ധം - VIII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം- VIII

20-6-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 92 (244) ദയവായി കാണുക

Governing body:

1.	Chief Minister of Kerala	-	Chairman
2.	Minister for Electricity, Kerala	-	Vice-Chairman
3.	Minister for Health, Kerala	-	Alternate Vice-Chairman
4.	Secretary, Department of Finance, Kerala	-	Member
5.	Secretary, Department of Power, Kerala	-	Member
6.	Chairman, Kerala State Electricity Board	-	Member
7.	Secretary, Department of Health, Kerala	-	Member
8.	An eminent Medical Scientist	-	Member
9.	Director, Department of Science Technology & Environment	-	Member
10.	One nominee of the Ministry of Health, Government of India	-	Member
11.	Principal, Medical College, Kozhikode	-	Member
12.	Head of the Department of Radiotherapy, Medical College, Kozhikode	-	Member
13.	Head of the Department of Pathology, Medical College, Kozhikode	-	Member
14.	Director of Medical Education, Directorate of Medical Education, Trivandrum	-	Member
15.	Director , Malabar Cancer Centre, Thalassery	-	Member & Secretary to Gorverning body.
16.	M.L.A. of the Thalassery constituency	-	Member
17.	President, District Panchayat, Kannur District	-	Member
18.	President, Kodiyeri Panchayat, Kodiyeri	-	Member
19.	A public man from North Malabar region (to be nominated by Governement of Kerala)	-	Member

LIBRARY ARCHIVES Kerala Legislative Assembly

20.	Director or any other representative of the Cancer Institute, Adayar	-	Member
21.	Director of any other representative from the Tata Cancer Institute, Bombay	-	Member
22.	Two nominated members of the Head of Departments of the Malabar Cancer Centre, Thalassery	-	Member(s)
23.	One nominee of the CHARITABLE SOCIETY established for rehabilitation and financial assistance for poor cancer patients	-	Member
24.	Special invitee from Government of Canada, (subject to approval from Government of India)	-	Member
25.	Principal/Chief Executive officer of Medical College, Pariyaram	-	Member
26.	Director, Regional Cancer Centre, Trivandrum	-	Member

അനുബന്ധം- IX

20-6-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 97 (249) ദയവായി കാണുക

1.	ഫോർട്ട്	21.	കണിയാപുരം
2.	കരമന	22.	ഉള്ളൂർ
3.	പുത്തൻചന്ത	23.	ശ്രീകാര്യം
4.	കന്റോൺമെന്റ്	24.	ആറ്റിങ്ങൽ
5.	വെള്ളയമ്പലം	25.	ആവനവൻചേരി
6.	തൈക്കാട്	26.	വർക്കല
7.	പേരൂർക്കട	27.	ഇടവ
8.	വട്ടിയൂർക്കാവ്	28.	കെടാകുളം
9.	തിരുമല	29	കല്ലമ്പലം
10.	മണക്കാട്	30.	പാലച്ചിറ
11.	തിരുവല്ലം	31.	നെടുമങ്ങാട്
12.	പൂജപ്പുര	32.	പാലോട്
13.	ബീച്ച്	33.	വിതുര
14.	ശ്രീവരാഹം	34.	കാട്ടാക്കട

LIBRARY ARCHIVES Kerala Legislative Assembly